(ബി) 2013 സെപ്റ്റംബർ 16-ന് തിരുവോണനാളിൽ കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട എം. ബി. ബാലകൃഷ്ണന്റെ ഭാര്യ ശ്രീമതി കെ. വി. അനിത സമർപ്പിച്ച ഹർജിയിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ശ്രീമതി കെ. വി. അനിതയുടെ ഹർജി പരിഗണിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് ലഭിക്കുന്ന പരാതിയിന്മേൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് അർഹതയുള്ളതാണോയെന്നും ആയത് പൊതുജനതാൽപ്പര്യമുള്ളതോ അസാധാരണ സാഹചര്യമുള്ളതാണോയെന്നതും സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം വാങ്ങി ആയത് പരിശോധിച്ച് നിയമന യോഗ്യതയുള്ളപക്ഷം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ച് ഉത്തരവാകാറുണ്ട്.

(ബി&സി) കൊലചെയ്യപ്പെട്ട എം. ബി. ബാലകൃഷ്ണന്റെ ഭാര്യ ശ്രീമതി അനിതാ കെ. വി. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെ ന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. നിവേദനം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി മുമ്പാകെ നിലവിലുള്ള കേസിന്റെ നടത്തിപ്പിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ട അസാധാരണ സാഹചര്യമൊന്നും നിലവിലില്ലെന്നും പ്രസ്തുത കോടതിയിലെ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ മേൽ കേസിന്റെ നടത്തിപ്പിന് അനുയോജ്യനാണെന്നും കൂടാതെ ടിയാളുടെ കേസ് നടത്തിപ്പിനെ സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും തന്നെയില്ല എന്ന് വ്യക്തമായതിനെത്തുടർന്ന് പ്രസ്തുത അപേക്ഷ നിരസിച്ചിരുന്നു.

വിജിലൻസ് കോടതികളിൽ തീർപ്പുകൽപ്പിക്കാത്ത കേസ്സുകൾ

27(T*5608) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കോടതികളിൽ തീർപ്പുകൽപ്പിക്കാത്ത എത്ര കേസ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിനായി കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏത് വർഷത്തെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് കോടതികളിൽ ഒഴിവുകൾ നികത്തപ്പെടുന്നതെന്ന് അറിയിക്കാമോ ;

(ഡി) ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിജിലൻസ് കോടതികളിൽ തീർപ്പു കൽപ്പിക്കാത്ത 1377 വിജിലൻസ് കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകൾക്കുമായി ആകെ 4 വിജിലൻസ് കോടതികളാണ് നിലവിലുള്ളത്. ഓരോ കോടതിക്കും രണ്ടോ അതിലധികമോ റവന്യൂ ജില്ലകളുടെ അധികാര പരിധിയാണുള്ളത്. വിജിലൻസ് കേസുകളിൽ ധാരാളം സാക്ഷികളുടെ വിസ്താരങ്ങളും റിക്കോർഡുകളുടെ പരിശോധനകളും പൂർത്തീകരിക്കുവാൻ വളരെ സമയം ആവശ്യമായി വരുന്നതിനാലാണ് കേസുകളിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്നത്.

(സി&ഡി) 22-3-1957 മുതൽ വിജിലൻസ് കോടതികൾ പ്രവർത്തിച്ച് വരുന്നുണ്ട്. 10-5-1963 -ലെ ജി.ഒ. (എംഎസ്.) നമ്പർ 240/63/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിജിലൻസ് കോടതിയിലെ തസ്തികകൾ സ്ഥിരം തസ്തികകളാക്കി ഉത്തരവായിരുന്നു. വിവിധ കാലയളവുകളിലായി സംസ്ഥാനത്ത് 4 വിജിലൻസ് കോടതികൾ സ്ഥാപിക്കുകയും, അവ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകൾ ആസ്ഥാനമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. 10-5-1963-ലെ ജി.ഒ (എം.എസ്) നമ്പർ 240/63/ആഭ്യന്തരം, 11-10-1965-ലെ ജി.ഒ (എം.എസ്) നമ്പർ 392/65/ആഭ്യന്തരം, 21-11-1970-ലെ ജി.ഒ (എംഎസ്.) നമ്പർ 163/70/വിജി, 26-9-1986-ലെ ജി.ഒ (എംഎസ്.) നമ്പർ 152/86/വിജി, 20-9-1990-ലെ ജി.ഒ (എം.എസ്) നമ്പർ 139/90/വിജി, 8-7-2008-ലെ ജി.ഒ (എം.എസ്) നമ്പർ 20/2008/വിജി, എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ തസ്തികകൾ വിജിലൻസ് കോടതികൾക്കായി സൃഷ്ടിക്കുകയും ടി തസ്തികകളിൽ വരുന്ന ഒഴിവുകളിൽ നിയമനം നടത്തിവരികയും ചെയ്യുന്നു. 24-7-2015-ലെ സ്പെ. (എംഎസ്.) നമ്പർ 28/2015/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള വിജിലൻസ് കോടതികൾക്കു പുറമേ രണ്ട് പുതിയ വിജിലൻസ് കോടതികൾ കൂടി സ്ഥാപിക്കുകയും പുതുതായി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly